# കേരളസർവകലാശാല

നം.പി.ആർ.233/2020

## പത്രക്കുറിപ്പ്

**ഒന്നാംവർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020 മൂന്നാം അലോട്ട്മെന്റിനു (1st Supplementary) മുൻപായി പുതിയ രജിസ്ട്രേഷൻ, പ്രൊഫൈലിൽ തിരുത്തൽ, ഓപ്ഷൻ ചേർക്കൽ, ഫീസ് അടയ്ക്കാതെയോ കോളേജിൽ പ്രവേശനം നേടാതെയോ അലോട്ട്മെന്റ് നഷ്ടമായവർക്ക് അലോട്ട്മെന്റ് നടപടിയിലേക്ക് തിരികെ പ്രവേശനം, പുതിയതായി അനുവദിച്ച കോഴ്സുകളിലേക്കുള്ള പ്രവേശനം എന്നിവയ്ക്ക് അവസരം (നവംബർ 24 മുതൽ 29 വരെ)**

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ഇതുവരെയും രജിസ്റ്റർ ചെയ്യാത്തവർക്ക് പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും നിലവിൽ രജിസ്ട്രേഷൻ ചെയ്തവർക്ക് പ്രൊഫൈലിൽ തിരുത്തൽ വരുത്തുന്നതിനും ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും മൂന്നാം (1st Supplementary) അലോട്ട്മെന്റിൽ അവസരം. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാതെയോ കോളേജിൽ പ്രവേശനം നേടാതെയോ അലോട്ട്മെന്റിൽ നിന്നും പുറത്തായവർക്കും കോളേജിൽ പ്രവേശനം നേടിയ ശേഷം ടി.സി. വാങ്ങിയതിനാൽ അഡ്മിഷൻ നഷ്ടമായവർക്കും 1st സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. അതോടൊപ്പം പുതിയതായി അനുവദിച്ച കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും അവസരം നൽകുന്നു. നവംബർ 24 മുതൽ 29 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം.

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ എല്ലാവരും പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. വിദ്യാർത്ഥികൾ മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ ഒന്നും തന്നെ ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയവർക്കും (whether permanent or temporary) ഇതുവരെയും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടയ്ക്കാതെയോ നിശ്ചിത സമയത്തിനുള്ളിൽ കോളേജിൽ അഡ്മിഷൻ എടുക്കാതെയോ അലോട്ട്മെന്റ് നഷ്ടമായവർക്കും കോളേജിൽ ചേർന്ന ശേഷം ടി.സി. വാങ്ങിയതിനാൽ അഡ്മിഷൻ നഷ്ടപ്പെട്ടവർക്കും കോളേജിൽ നിന്നും ഡിഫക്ട് മെമ്മോ ലഭിച്ചതിനാൽ അഡ്മിഷൻ ലഭിക്കാതെ പോയവർക്കും പുതിയ ഓപ്ഷനുകൾ സമർപ്പിച്ച് അടുത്ത അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. എല്ലാവിധ കാറ്റഗറി സീറ്റുകളിലേക്കും (General Merit/SEBC/SC/ST/EWS /Trasgender/ഭിന്നശേഷി വിഭാഗങ്ങൾ ഉൾപ്പെടെ) പരിഗണിക്കപ്പെടാൻ താൽപ്പര്യപ്പെടുന്നവർ നിർബന്ധമായും പുതിയ ഓപ്ഷനുകൾ നൽകണം. പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരും കാരണവശാലും ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

കോളേജുകളിലെ ഓരോ കോഴ്സുകളുടേയും ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഒഴിവുകൾ മനസിലാക്കിയ ശേഷം ഓപ്ഷനുകൾ നൽകാൻ ശ്രദ്ധിക്കുക. സൈറ്റിൽ നൽകിയിട്ടുളള ഒഴിവുകൾക്ക് പുറമെ, അലോട്ട്മെന്റ് നടക്കുമ്പോൾ ഹയർ ഓപ്ഷൻ ലഭിച്ച് മാറുന്നവരുടെ ഒഴിവുകളും (Arising Vacancies) ഈ അലോട്ട്മെന്റ് നട പടിയിൽ തന്നെ നികത്തുന്നതായിരിക്കും എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ ഒഴിവ് കാണിച്ചിട്ടില്ലാത്ത കോഴ്സുകളിലും ഇപ്രകാരം Arising Vacancies ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന കാര്യം ഓപ്ഷൻ സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ മനസിലാക്കിയിരിക്കണം. എല്ലാ വർക്കും പരമാവധി 15 ഓപ്ഷനുകളാണ് സമർപ്പിക്കാൻ സാധിക്കുന്നത്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർ (Temporary or Permanent) അവർക്ക് ലഭിച്ച അഡ്മിഷനിൽ തൃപ്തരാണെങ്കിൽ യാതൊരും കാരണവശാലും പുതിയ ഓപ്ഷൻ നൽകരുത്. ഓപ്ഷൻ നൽകി അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും പുതിയ അലോട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. മുൻ അഡ്മിഷൻ നിലനിർത്താൻ പിന്നീട് സാധിക്കു ന്നതല്ല. താത്കാലിക (Temporary) അഡ്മിഷൻ എടുത്ത് ഹയർ ഓപ്ഷൻ പ്രതീക്ഷിച്ചു നിൽക്കുന്നവർ ആ ഹയർ ഓപ്ഷനുകൾ മൂന്നാം അലോട്ട്മെന്റിൽ പരിഗണിക്കില്ല എന്ന കാര്യം ശ്രദ്ധിക്കുക. അങ്ങനെയുളളവർ താൽപര്യമുളള ഓപ്ഷനുകൾ പുതിയതായി വീണ്ടും സമർപ്പിക്കണം. താത്കാലിക (Temporary) അഡ്മിഷൻ എടുത്തവർ പുതിയ ഓപ്ഷൻ നൽകിയില്ലെങ്കിൽ അടുത്ത അലോട്ട്മെന്റിൽ നിലവിൽ ലഭിച്ച അഡ്മിഷനിൽ തന്നെ തുടരും.

## പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള 3 ഗവൺമെന്റ് കോളേജുകളിലും 9 എയ്ഡഡ് കോളേജുകളിലും പുതിയതായി അനുവദിച്ച ഇന്നോവേറ്റീവ്/കൺവെൻഷണൽ കോഴ്സുകളിലേക്കും 9 സ്വാശ്രയ കോളേജുകളിൽ പുതിയതായി അനുവദിച്ച മറ്റു കോഴ്സു കളിലേക്കും ഇതോടൊപ്പം ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ നിന്നും ഓപ്ഷനുകൾ സമർപ്പിച്ചാൽ മതിയാകും. കോളേജുകളു ടേയും അനുവദിച്ച കോഴ്സുകളുടേയും ലിസ്റ്റ് അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

പുതിയ കോഴ്സുകളുടെ കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുളള പ്രവേശനത്തിനായുളള അപേക്ഷകൾ അതതു കോളേജുകളിൽ നവംബർ 29 ന് മുൻപായി നേരിട്ട് സമർപ്പിക്കേണ്ടതാണ്.

### 1. പുതിയ രജിസ്ട്രേഷൻ

ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തതിനാൽ അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുക്കാൻ കഴിയാതെ പോയവർക്ക് പുതിയ രജിസ്ട്രേഷൻ ചെയ്യാം. പ്രോസ്പെ ക്ടസ് വിശദമായി വായിച്ചതിനുശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭി ക്കുക.

നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തവർ പുതിയതായി രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ നിലവിൽ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ മാത്രം നടത്തിയവർ അലോട്ട്മെന്റ് നടപടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ പുതിയ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല എന്ന കാര്യം ശ്രദ്ധിക്കുക. സ്പോർട്സ് ക്വാട്ട യിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യാൻ സാധിക്കും. എന്നാൽ നിലവിലെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർ തീരുന്ന മുറയ്ക്ക് മാത്രമേ പുതിയ രജിസ്ട്രേഷൻ ചെയ്യുന്നവരെ സ്പോർട്സ് ക്വാട്ട

യിലേക്ക് പരിഗണിക്കുകയുള്ളൂ. രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 2. പ്രൊഫൈലിൽ തിരുത്തൽ വരുത്താം

നിലവിൽ രജിസ്ട്രേഷൻ ചെയ്തവർക്ക് പ്രൊഫൈലിൽ തിരുത്തൽ വരുത്താം. ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി ലോഗിൻ ചെയ്ത ശേഷം Edit Profile എന്ന ടാബ് ഉപയോഗിച്ച് പ്രൊഫൈലിൽ നൽകിയിരിക്കുന്ന വിവരങ്ങളിൽ തിരുത്തൽ വരുത്താവുന്നതാണ്. Category, Caste, Religion, Sex, Whether Keralite, EWS, Differently Abled, Special Weightage, റീവാല്യവേഷൻ പ്രകാരം കൂടിയ മാർക്ക്, ഓപ്ഷൻ വിവരങ്ങൾ എന്നിവയിൽ മാറ്റങ്ങൾ വരുത്താം. ഇവയ്ക്ക് സർവകലാശാലയിലേക്ക് അപേക്ഷ നൽകേണ്ടതില്ല. നിലവിൽ മേൽപ്പറഞ്ഞ ഏതെങ്കിലും തിരുത്തലുകൾക്ക് വേണ്ടി സർവകലാശാലയിൽ അപേക്ഷ നൽകിയവർ അവരുടെ പ്രൊഫൈലിൽ നിന്നും സ്വമേധയാ തിരുത്തൽ വരുത്തേണ്ടതാണ്. പേര്, ജനനത്തീയതി എന്നിവ യിലെ തിരുത്തലുകൾക്ക് മാത്രം സർവകലാശാലയിലേക്ക് അപേക്ഷ നൽകുക. മറ്റു യാതൊരു തിരുത്തലുകളും സർവകലാശാലയിൽ നിന്നും ചെയ്യുന്നതല്ല. ഇ-മെയിൽ മുഖേനയോ നേരിട്ടോ തിരുത്തൽ അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടു ത്തവർക്ക് റീവാല്യുവേഷൻ പ്രകാരം കൂടിയ മാർക്ക് മാത്രമേ തിരുത്താൻ സാധിക്കു കയുള്ളൂ. മറ്റുള്ള തിരുത്തലുകൾക്കായി സർവകലാശാലയെ ബന്ധപ്പെടുക. പ്രൊഫൈലിൽ തിരുത്തൽ വരുത്തുന്നവർ ഏറ്റവും പുതിയ പ്രൊഫൈൽ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കേണ്ടതാണ്.

പ്രൊഫൈലിലെ തെറ്റുകൾ കാരണം ഡിഫക്ട് മെമോ ലഭിച്ച് അലോട്ട്മെന്റ് നഷ്ടമായവർ പ്രൊഫൈലിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ ഈ അവ സരം ഉപയോഗിക്കേണ്ടതാണ്.അങ്ങനെയുള്ളവരും അടുത്ത അലോട്ട്മെന്റിൽ പരിഗ ണിക്കപ്പെടാൻ വേണ്ടി പുതിയ ഓപ്ഷനുകൾ നൽകേണ്ടതാണ് എന്ന കാര്യം ശ്രദ്ധി ക്കുക.

## പാസ്‌വേർഡ് നിർബന്ധമായും മാറ്റുക

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള എല്ലാവർക്കും ഡീഫാൾട്ട് ആയി ലഭി ക്കുന്ന പാസ്‌വേർഡ് നിർബന്ധമായും മാറ്റം വരുത്തേണ്ടതാണ്. പ്രൊഫൈലിൽ മാറ്റ ങ്ങൾ വരുത്തുന്നതിനുള്ള അവസരം ഇപ്പോൾ നൽകുന്നതിനാൽ വിദ്യാർത്ഥിയുടെ അപേക്ഷ നമ്പറും ഡീഫാൾട്ട് പാസ്‌വേർഡും അറിയാവുന്ന ആർക്കും പ്രൊഫൈൽ ദുരുപയോഗം ചെയ്യാൻ സാധിക്കുന്നതാണ്. വിദ്യാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെയുള്ള മാറ്റങ്ങൾ അഡ്മിഷൻ നഷ്ടപ്പെടുന്നതിലേക്ക് വരെ നീങ്ങാൻ സാധ്യ തയുള്ളതിനാൽ എല്ലാവരും പാസ്‌വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ് എന്ന കാര്യം അറിയിക്കുന്നു. ഇതിനായി പ്രൊഫൈലിലെ password എന്ന ടാബ് ഉപയോഗ പ്പെടുത്താം. ഇപ്രകാരം മാറ്റം വരുത്തുന്ന പാസ്‌വേർഡ് ഓർത്തു വയ്ക്കേണ്ടതും അത് വിദ്യാർത്ഥി മാത്രം കൈകാര്യം ചെയ്യേണ്ടതുമാണ്. പാസ്‌വേർഡ് മാറ്റം വരു ത്താത്ത കാരണത്താൽ വിദ്യാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ പ്രൊഫൈൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ അപ്രകാരമുള്ള പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

മേൽ പറഞ്ഞ കാര്യങ്ങളായ പുതിയ രജിസ്ട്രേഷൻ പ്രൊഫൈലിലെ തിരുത്തലുകൾ, ഓപ്ഷനുകൾ ചേർക്കൽ എന്നിവയ്ക്കുള്ള അവസാന തീയതി നവംബർ 29. ഒന്നാം സപ്ലിമെന്ററി (3rd) അലോട്ട്മെന്റ് ഡിസംബർ 2 ന് വൈകിട്ട് പ്രസിദ്ധീകരിക്കും.

<u>പ്രത്യക കുറിപ്പ്:</u> എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്

## <u>കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2020 ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.</u>

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2020 ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 29.

| Sl. No | Name of college | Course | Strength |
|---|---|---|---|
| 1 | Government Arts and Science College, Ambalapuzha | MA Economics | 20 |
| 2 | MMS Govt. Arts & Science College, Malayinkeezh | MCom International Trade | 20 |
| 3 | University College, Thiruvananthapuram | MSc Statistics with specialization in Data Analytics | 12 |
| 4 | All Saints' College, Beach P.O., Thiruvananthapuram | MSc Physics with specialisation in Space Physics | 12 |
| 5 | SN College, S.N. Puram P.O, Cherthala | MSc Chemistry with Specialization in Drug Design and Development | 12 |
| 6 | Bishop Moore College, Mavelikara, Kallumala P.O., Alappuzha | MA Economics (Behavioral Economics and Data Science) | 20 |
| 7 | Kumbalathu Sankupillai Memorial Devaswom Board College, Sasthamcottah | MSc Physics with specialisation in Nano science | 12 |
| 8 | Sree Narayana College for Women, Kollam | MA Economics (Behavioral Economics and Data Science) | 20 |
| 9 | Sree Narayana College, Sivagiri, Varkala | MCom International Trade | 20 |
| 10 | TK Madhava Memorial College, Nangiarkulangara, Haripad | MSc Chemistry with specialization in Drug Design and Development | 12 |
| 11 | SN College, Punalur, Kollam | MA History (World History and Historeography) | 20 |
| 12 | SN College, Chempazhanthi | MSc Botany with Specialisation in Ethano Botany and Ethano Pharmacology) | 12 |
| 13 | Christ Nagar College, Maranalloor, Koovalassery P.O, Malayinkeezhu, Thiruvananthapuram | M.Sc Computer Science | 12 |
| 14 | Mar Gregorios College of Arts & Science, Punnapra,Alappuzha | MA English | 20 |

| | | | |
|---|---|---|---|
| 15 | Mar Chrysostom College, Paranthal, Adoor, Pathanamthitta | MA English | 20 |
| 16 | Sree Narayana Guru College of Advanced Studies, Nangiarkulangara P.O., Alappuzha | MA English | 20 |
| 17 | KTCT College of Arts & Science, Kallambalam, Thiruvananthapuram | M.Com Finance & Accounting | 20 |
| 18 | Sree Narayana Guru College of Advanced Studies, Chempazhanthy | M.Sc Geography | 12 |
| 19 | Mar Ivanios College of Arts & Science, Kallumala, P. O., Mavelikkara, Alappuzha | M.Com Finance & Accounting | 20 |
| 20 | PMSA Pookoya Thangal Memorial Arts & Science College, Kottappuram, Kuttikkadu P.O, Kadakkal, Kollam | M.Com | 20 |
| 21 | College of Applied Science (IHRD), Perissery | M.Com Finance & Accounting | 20 |

കൂടുതൽ വിവരങ്ങൾക്ക്: https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

<u>പ്രത്യേക കുറിപ്പ്</u>: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്

## നവംബർ 26 ലെ സർവകലാശാല പരീക്ഷകൾ മാറ്റിവച്ചു

**കേരള സർവകലാശാല നാളെ (26.11.2020) നടത്താനിരുന്ന എല്ലാ പരീക്ഷകളും (നാലാം സെമസ്റ്റർ എം.സി.എ., നാലാം സെമസ്റ്റർ ബി.ടെക്., അവസാന വർഷ ബി.എഫ്.എ.) മാറ്റിവ ച്ചതായി പരീക്ഷാകൺട്രോളർ അറിയിച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്ന തായിരിക്കും.**

## സൂക്ഷ്മപരിശോധന

**2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം./ബി.ബി. എ./ബി.സി.എ./ബി.വോക്./ബി.എം.എസ്./ബി.എസ്.ഡബ്ല്യൂ സി.ബി.സി.എസ്. കരിയർ റിലേ റ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥി കൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡ്/ഹാൾടിക്കറ്റുമായി ഇ.ജ III സെക്ഷനിൽ നവംബർ 30 മുതൽ ഡിസംബർ 9 വരെയുളള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.**

## പരീക്ഷാഫീസ്

**ബി.എ./ബി.എ. അഫ്സൽ –ഉൽ–ഉലമ സപ്ലിമെന്ററി പരീക്ഷ സെപ്റ്റംബർ 2020 സെഷൻ പാർട്ട് മൂന്ന് മെയിൻ ആന്റ് സബ്സിഡിയറി വിഷയങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 27 മുതൽ ആരംഭിക്കുന്നു. പിഴകൂടാതെ ഡിസംബർ 11 വരെയും 150 രൂപ പിഴ യോടെ ഡിസംബർ 16 വരെയും 400 രൂപ പിഴയോടെ ഡിസംബർ 18 വരെയും അപേക്ഷി ക്കാം.**

## പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് (2015, 2018 സ്കീം) സപ്ലിമെന്ററി ആന്റ് റെഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. എച്ച്.ആർ.എം., എം.എസ്.സി. ജിയോളജി, എം.കോം., എം.എസ്.സി. ഇ.വി.എസ്., എം.എസ്.സി. മാത്തമാറ്റിക്സ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. തമിഴ്, എം.എസ്.സി. സ്റ്റാറ്റി സ്റ്റിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2013 സ്കീമിലെ 2016 അഡ്മിഷൻ വിദ്യാർത്ഥികളുടെ എട്ടാം സെമസ്റ്റർ റെഗുലർ ബി.ടെക്. പരീക്ഷാഫലം പ്രസി ദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഡിസംബർ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ.മലയാളം, കേരളപ ഠനം, മീഡിയ പഠനം, ഇസ്ലാമിക് ഹിസ്റ്ററി, ലിംഗ്വിസ്റ്റിക്സ്, ഫിലോസഫി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, അറബിക്, മ്യൂസിക്, സംസ്കൃതം, ജർമൻ, എം.എസ്.സി. ഡെമോഗ്രഫി, ആക്ച്വറി യൽ സയൻസ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, മാത്തമാറ്റിക്സ് വിത്ത് ഫിനാൻസ് ആന്റ് കമ്പ്യൂട്ടേ ഷൻ, കമ്പ്യൂട്ടേഷണൽ ബയോളജി, എം.ടെക്. കമ്പ്യൂട്ടർ സയൻസ്, എം.എഡ്. എന്നീ പ്രോഗ്രാമുകളിലേക്ക് 2020 –22 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 27 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റു കളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.എ. മലയാളം, കേരളപ ഠനം, മീഡിയ പഠനം, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, അറബിക്, സംസ്കൃതം, ജർമൻ, ലിംഗ്വിസ്റ്റിക്സ്, ഫിലോസഫി, എം.സി.ജെ., എം.എസ്.സി. ഡെമോഗ്ര ഫി, കെമിസ്ട്രി, കമ്പ്യൂട്ടേഷണൽ ബയോളജി, ഡാറ്റ സയൻസ്, ജിനറ്റിക് ആന്റ് പ്ലാന്റ് ബ്രീഡിംഗ്, എം.ടെക്., കമ്പ്യൂട്ടർ സയൻസ്, എൽ.എൽ.എം., എം.എഡ്. എന്നീ പ്രോഗ്രാമു കൾക്ക് 2020 – 22 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 27 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകു പ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## സി.എ.സി.ഇ.ഇ - വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സ്, യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം, കാലാവധി: ഒരു വർഷം, ക്ലാസുകൾ: വൈകുന്നേരം 5 മണി മുതൽ 7 മണി വരെ, ഫീസ്:19,500/- രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, ഫീസ്:7,500/- രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ നടത്തും, ഫീസ്:7,000/- രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ).

www.keralauniversity.ac.in ൽ നിന്നും 28 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടി ഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി. എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരി ക്കുന്ന അവസാന തീയതി നവംബർ 30.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 3 മാസം, ക്ലാസുകൾ: തിങ്കൾ മുതൽ വെള്ളി വരെ, വൈകുന്നേരം 5 മുതൽ 7 വരെ, ഫീസ്:6,000/- രൂപ. www.keralauniversity.ac.in ൽ നിന്നും 23 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
25.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on
9188526671, 9188526675 , 9188526670, 9188526674